**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 5085**

15.11.2019 - ൽ
മറുപടിയ്ക്ക്

# ഫാം ടൂറിസം പദ്ധതി

**ചോദ്യം**
**ശ്രീ.സി. ദിവാകരൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; | എ) ഉണ്ട്. ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടം, പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം എന്നിവിടങ്ങളിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | ബി) ഫാമുകളുടെ പ്രവർത്തനവും പൈതൃകവും സഞ്ചാരികളെ പരിചയപ്പെടുത്തുക, ഫാമിന്റെ വരുമാനവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുക, ഫാമിലെ നൂതന കൃഷി രീതികൾ ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തുക, ഫാം ഉല്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും വില്പനയിലൂടെ ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കുക, നെല്ലിയാമ്പതി ഫാമിൽ സന്ദർശകർക്ക് ശീതകാല പച്ചക്കറി, ഓറഞ്ച് കൃഷി, കാപ്പി കൃഷി തുടങ്ങിയവയുടെ ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് അവബോധം ഉണ്ടാക്കുക, പഴവർഗ്ഗങ്ങളുടെ സംസ്കരണ രീതി പഠിപ്പിക്കുക, ഫാം തൊഴിലാളികളുടെ തൊഴില വസരങ്ങൾ വർദ്ധിപ്പിക്കുക എന്നിങ്ങനെ കൃഷി ഫാമുകളുടെ നവീകരണത്തിനും വ്യാപനത്തിനും പര്യാപ്തമായ പദ്ധതികൾ വിഭാവന ചെയ്ത് ഫാം ടൂറിസത്തിലൂടെ നടപ്പിലാക്കുക വഴി ഫാമുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. |
| സി) പുതുതായി എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം നല്കാമോ? | സി) കോട്ടയം ജില്ലയിൽ വാലാച്ചിറ സ്റ്റേറ്റ് സീഡ് ഫാമിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ല പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് ജില്ലാ കൃഷി തോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ നക്ഷത്രവനം, ബട്ടർഫ്ലൈ പാർക്ക്, റോസ് ഗാർഡൻ എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന 50 കോടി രൂപയുടെ കരട് പദ്ധതി നിർദ്ദേശം കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രകൃതി രമണീയമായ ഭൂപ്രകൃതിയും ജൈവ വൈവിധ്യവും |

ഉള്ള ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി പദ്ധതി രൂപീകരിച്ചു വരുന്നു. കോഴിക്കോട് കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കുട്ടികളുടെ പാർക്ക് ടൂറിസത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ലക്ഷ്യമിട്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ